പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5577 — 04/07/2013 ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും തൊഴിൽ പരിശീലനം നൽകുന്നതിനും പദ്ധതി

ചോദ്യം

ശ്രീ. പി. തിലോത്തമൻ

(എ) പട്ടികജാതി പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും തൊഴിൽ പരിശീലനം നൽകുന്നതിനും വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; ആലപ്പുഴ ജില്ലയിലെ ഇത്തരം സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് പറയാമോ ;

ഉത്തരം

ശ്രീ. എ.പി. അനിൽ കുമാർ
(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

(എ) I) പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതി

എ) പ്രീ-മെട്രിക് തലം മുതലുള്ള എല്ലാ അംഗീകൃത കോഴ്സുകൾക്കും വിദ്യാഭ്യാസാനുകൂല്യം സമയബന്ധിതമായി അനുവദിച്ചു വരുന്നു. പ്രീമെട്രിക് ഹോസ്റ്റലുകളിൽ പഠിക്കുന്ന 5- ാം ക്ലാസ് മുതൽ 10- ാം ക്ലാസുവരെയുള്ള വിദ്യാർത്ഥികൾക്ക് സയൻസ്, കണക്ക്, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ പ്രത്യേക ട്യൂഷൻ നൽകുന്നുണ്ട്. കൂടാതെ ഒന്നും, രണ്ടും വർഷങ്ങളിൽ മെഡിക്കൽ/ എഞ്ചിനീയറിംഗ് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് 2012-13 വർഷത്തിൽ അനുവദിച്ചു നൽകിയിട്ടുണ്ട്.

ബി) 9- ാം ക്ലാസ് മുതൽ 12- ാം ക്ലാസ് വരെ പഠിക്കുന്ന മിടുക്കരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകുന്നതി

നായി "Upgradation of merit of SC students" എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നുണ്ട്.

സി) 2012-13 വർഷം മുതൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര സഹായ പദ്ധതി പ്രകാരം പ്രീ-മെട്രിക് സ്കോളർഷിപ്പ് അനുവദിച്ചു വരുന്നു.

എസ്.എസ്.എൽ.സി.യ്ക്ക് B+ നു മുകളിൽ ലഭിക്കുന്ന കുട്ടികൾക്ക് മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് വേണ്ടി പ്രത്യേക പരിശീലനം നൽകുന്നു.

II) <u>തൊഴിൽ പരിശീലനം നൽകുന്ന പദ്ധതികൾ</u>

എ) വകുപ്പിന്റെ കീഴിൽ തൊഴിൽ പരിശീലനം നൽകിവരുന്ന സ്വയംഭരണ സ്ഥാപനമാണ് കോഴിക്കോട് പ്രവർത്തിക്കുന്ന Centre for Research and Social Transformation (CREST). ദേശീയ നിലവാരമുള്ള ഗവേഷണ കേന്ദ്രമാണ് ക്രെസ്റ്റ് വിഭാവനം ചെയ്യുന്നത്. ക്രെസ്റ്റ് നടത്തി വരുന്ന 5 മാസം ദൈർഘ്യമുള്ള PGCCPD കോഴ്സിൽ (Post Graduate Certificate Course for Professional Development) അഭ്യസ്ത വിദ്യരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പരിശീലനം നൽകുന്നുണ്ട്.

ബി) പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സാങ്കേതികവും തൊഴിൽ അധിഷ്ഠിതവുമായ പരിശീലനം നൽകുന്നതിനും, അവർക്ക് വ്യവസായ രംഗത്ത് തൊഴിൽ നേടാനും, സ്വയം

തൊഴിൽ കണ്ടെത്താനും ലക്ഷ്യമിട്ടു കൊണ്ട് വകുപ്പിന്റെ കീഴിൽ 44 ITI മുഖേന 12 ട്രേഡുകളിൽ പരിശീലനം നൽകിവരുന്നു. കൂടാതെ ആധുനിക തൊഴിൽ മേഖലയിൽ പരിശീലനം നൽകുന്നതിന് പാലക്കാട് വടക്കഞ്ചേരിയിൽ ഒരു കമ്മ്യൂണിറ്റി കോളേജ് പ്രവർത്തിച്ചുവരുന്നു.

സി) വിവിധ മത്സര പരീക്ഷകൾക്ക് എസ്.സി. ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിന് 4 PETC കൾ പ്രവർത്തിക്കുന്നുണ്ട്.

ഡി) അഖിലേന്ത്യാ സർവ്വീസുകളിലേയ്ക്കുള്ള മത്സര പരീക്ഷകൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് വകുപ്പിന്റെ കീഴിൽ ഒരു സ്വയംഭരണ സ്ഥാപനമായി ICSETS എന്ന സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്.

ആലപ്പുഴ ജില്ലയിൽ വകുപ്പിന്റെ കീഴിൽ മാവേലിക്കര, ഹരിപ്പാട് എന്നിവിടങ്ങളിൽ 2 ITI കളും കൂടാതെ പുന്നപ്ര MRS ൽ 5 മുതൽ 12 വരെയുള്ള ക്ലാസ്സുകളും പ്രവർത്തിച്ചുവരുന്നു. +2 വിഭാഗത്തിൽ ഐശ്ചികവിഷയമായിട്ടുള്ളത് സയൻസാണ്. 4 പ്രീ-മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിച്ചു വരുന്നു.

ബി) പുതിയ സാഹചര്യങ്ങൾക്കും തൊഴിൽ സാധ്യതകൾക്കും അനുസൃതമായി ആധുനിക തൊഴിൽ പരിശീലനങ്ങൾ പ്രസ്തുത വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ടോ; വിശദമാക്കാമോ ?

(ബി) പുതിയ സാഹചര്യങ്ങൾക്കും തൊഴിൽ സാധ്യതകൾക്കും അനുസൃതമായി മാവേലിക്കര ITI യിൽ നിലവിലുള്ള MR/TV ട്രേഡു മാറ്റി കൂടുതൽ ജോലി സാധ്യതയുള്ള മെക്കാനിക്കൽ ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ്

ട്രേഡ് ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്.

വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിൽ ആധുനിക തൊഴിൽ കോഴ്സായ Certificate Course in Precision Machinist (CPPM) ട്രേഡിൽ പരിശീലനം നൽകിവരുന്നു.

സെക്ഷൻ ഓഫീസർ